# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1823 — 04.12.2018 -ലെ മറുപടിയ്ക്ക്

**യൂണിവേഴ്സിറ്റികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

*ചോദ്യം*
ശ്രീ.വി. അബ്ദുറഹിമാൻ

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) (ബി) & (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സർവ്വകലാശാലകൾ മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം മുൻനിർത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>വിദ്യാർത്ഥി പ്രവേശനം , പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം കൈവരുത്തുന്നതിനായി ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സർവ്വകലാശാലകളിൽ റൂസ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ 2009-10 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്ത് ബിരുദതലത്തിൽ സി.ബി.സി.എസ്.എസ്. (Choice Based Credit Semester System) സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അക്കാദമിക ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ മാറ്റം കാരണമായിട്ടുണ്ടെന്നാണ് |
| (ബി) | യൂണിവേഴ്സിറ്റികളുടെ നിലവാരത്തകർച്ചയ്ക്കുള്ള കാരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | മാറിയ കാലത്തിനനുസരിച്ചുള്ള കോഴ്സുകളും പഠന സൗകര്യവും യൂണിവേഴ്സിറ്റികളിൽ ഏർപ്പെടുത്തി ഇവയെ ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | പൊതുവേ വിലയിരുത്തപ്പെടുന്നത്. കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു പദ്ധതി കിഫ്ബി മുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 'കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാദമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29.04.2017 ലെ സ.ഉ. (സാധാ) 807/2017/ ഉവിവ പ്രകാരം 240.9 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതിയും എം.ജി. സർവ്വകലാശാലയ്ക്ക് 19.06.2018 ലെ സ.ഉ. (സാധാ) നം. 1189/2018/ഉവിവ പ്രകാരം 132.75 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>ഒപ്പം മറ്റ് സർവ്വകലാശാലകളെ കൂടി 'സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് ' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതിയുടെ രൂപരേഖയും തയ്യാറാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

റൂസ നൽകുന്ന സഹായം ചുവടെ ചേർക്കുന്നു.

- യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നു.
- കേരള സർവ്വകലാശാലയിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ നൽകിയിട്ടുണ്ട്.
- സർവ്വകലാശാലകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ - ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.
- **'ശാസ്ത്രയാൻ-2018'** എന്ന പദ്ധതി ഒരു നൂതന ആശയമായി റൂസ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സർവ്വകലാശാലകളുടെയും കോളേജുകളുടെയും അക്കാദമിക് – ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രാപ്യമാക്കുന്നതിന് വേണ്ടിയുള്ള "ഓപ്പൺ ഹൗസ്" പ്രോഗ്രാമാണ് ശാസ്ത്രയാൻ. പ്രസ്തുത പദ്ധതിയിലൂടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും സമീപ പ്രദേശത്തുള്ള പൊതുസമൂഹത്തിന് സ്ഥാപനം നേടിയ ഗവേഷണനേട്ടങ്ങൾ നേരിട്ട് അനുഭവിക്കുവാൻ സാധിക്കുന്നു.

സംസ്ഥാനത്തെ 6 യൂണിവേഴ്സിറ്റികളിലും 20 ഗവ. ആർട്സ് & സയൻസ് കോളേജുകളിലും കേരള യൂണിവേഴ്സിറ്റിക്കു കീഴിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിനും റൂസയുടെ ധനസഹായം പ്രത്യേകിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനുമായി നല്കിവരുന്നു. പൊതുവിൽ പ്രസ്തുത തുകയുടെ 35% പുതിയ നിർമ്മാണ പ്രവർത്തികൾക്കും 35% പുനരുദ്ധാരണ പ്രവർത്തികൾക്കും 30% അക്കാദമിക് മികവ് ഉയർത്തുവാൻ വേണ്ട വാങ്ങലുകൾക്കുമാണ് വിനിയോഗിക്കുന്നത്. അനുവദിക്കപ്പെട്ട തുക മാനദണ്ഡങ്ങൾക്കനുസൃതമായി യഥാസമയം വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുവാനുള്ള 2-ാം ഘട്ടം, 3-ാം ഘട്ടം തുകയും റൂസ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ